"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ - സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള ജീവനക്കാർക്കുകൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(കൈ) നം.227/2022/HEDN തീയതി,തിരുവനന്തപുരം, 11-05-2022

---

പരാമർശം:-
1. 10-02-2021 തീയതിയിലെ സ.ഉ.(പി)നം.27/2021/ധന നമ്പർ ഉത്തരവ്.
2. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 01-03-2021 തീയതിയിലെ ഡി2-1160/21 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കുകൂടി ബാധകമാക്കുന്നതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിക്കുകയും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ്, ജില്ല, താലൂക്ക് ലൈബ്രറി കൗൺസിലുകളിലെ തസ്തികകളും ശമ്പള സ്കെയിലും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയുണ്ടായി.

2. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, ജില്ല/താലൂക്ക് ലൈബ്രറി കൗൺസിലുകൾ, ലോക്കൽ ലൈബ്രറി അതോറിറ്റികൾ എന്നിവയിലെ തസ്തികകളുടെ ശമ്പള സ്കെയിൽ, അലവൻസുകൾ, മാറ്റാനുകൂല്യങ്ങൾ എന്നിവ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

i) പരിഷ്കരിച്ച ശമ്പള സ്കെയിലിനു 01.07.2019 മുതൽ പ്രാബല്യമുണ്ടായിരിക്കും.

ii) 01.07.2019—ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2019—ലെ ക്ഷാമബത്ത 0% ആയിരിക്കുന്നതുമാണ്. 01.01.2020, 01.07.2020 എന്നീ തീയതികളിലെ ക്ഷാമബത്ത 10.02.2021—ലെ സ.ഉ. (അച്ചടി) നം. 27/2021/ധന നം. ഉത്തരവിന്റെ ഖണ്ഡിക 11 പ്രകാരം അനുവദിക്കാവുന്നതാണ്.

iii) ശമ്പള നിർണ്ണയം സംബന്ധിച്ച് 10.02.2021—ലെ സ.ഉ.(അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ അനക്സർ II—ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

vi) കരാർ, ദിവസവേതന അടിസ്ഥാനത്തിൽ ലൈബ്രറി കൗൺസിലിൽ ജോലി ചെയ്യുന്ന ജീവനക്കാരുണ്ടെങ്കിൽ അവർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

v) വീട്ടു വാടക ബത്ത 10.02.2021—ലെ സ.ഉ. (അച്ചടി) നം. 27/2021/ധന നം. ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം അനുവദിക്കാവുന്നതാണ്. ആയതിന്റെ പ്രാബല്യത്തീയതി 01.03.2021 ആണ്.

vi) സമയബന്ധിത ഹയർ ഗ്രേഡ് 10.02.2021—ലെ സ.ഉ. (അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ ഖണ്ഡിക 6, അനക്സർ VI-ലെ 22 ഒഴികെയുള്ള വ്യവസ്ഥകൾ എന്നിവ പ്രകാരം അനുവദിക്കാവുന്നതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡിന്റെ പ്രാബല്യത്തീയതി 01.04.2021 ആണ്.

vii) ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിന്റെ പ്രാബല്യത്തീയതി 01.03.2021 ആണ്.

viii) പൊതുവിദ്യാലയങ്ങളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക/മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിന്റെ പ്രാബല്യത്തീയതി 01.03.2021 ആണ്.

ix) മേൽപ്പറഞ്ഞവയല്ലാതെ അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.

x) മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

xi) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്തുവാൻ പാടില്ല.

xii) മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിയമനം നടത്തുകയോ ചെയ്യുവാൻ പാടില്ല.

xiii) ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ലൈബ്രറി കൗൺസിലിൽ നടപ്പാക്കുവാൻ പാടില്ല.

xiv) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനം എടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

xv) ലൈബ്രറി കൗൺസിലിലെ നിയമനങ്ങളിൽ നിയമാനുസൃതവും 1991-ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്റ്റിലെ 126-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുമായ സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ലൈബ്രറി കൗൺസിലിൽ എല്ലാ നിയമനങ്ങളും ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന മാർഗ്ഗങ്ങൾ പാലിച്ച് മാത്രം നടപ്പാക്കേണ്ടതാണ്.

xvi) State of Karnataka and others Vs Umadevi and others കേസിലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം സ്ഥിരപ്പെടുത്തൽ ഒരു നിയമനരീതിയായി സ്വീകരിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിരനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

xvii) സൂപ്പർ ന്യൂമററി തസ്തികകളിൽ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാൻ പാടില്ല.

xviii) 04.08.2020-ലെ സ.ഉ. (അച്ചടി) നം.103/2020/ധന ഉത്തരവ് പ്രകാരം ലൈബ്രറി കൗൺസിലിൽ GSPARK സംവിധാനം നടപ്പാക്കേണ്ടതാണ്. ഇതിന് വേണ്ട നടപടികൾ ലൈബ്രറി കൗൺസിൽ സെക്രട്ടറി കൈക്കൊള്ളേണ്ടതും സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

xix) WP(C) No.25087/2011, WA.1837/13 എന്നിവയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 13 പേരുടെ സേവനം ക്രമപ്പെടുത്തി നൽകിക്കൊണ്ട് പുറപ്പെടുവിച്ച 18.12.2018-ലെ സ.ഉ.(കൈ) നം.304/2018/ഉ.വി.വ, പിന്നീട് 47 പേരുടെ സേവനം ക്രമപ്പെടുത്തി നൽകിക്കൊണ്ട് പുറപ്പെടുവിച്ച 20.07.2020-ലെ സ.ഉ. (കൈ) നം.263/2020/ഉ.വി.വ. എന്നീ ഉത്തരവുകൾ, WP(C)15732/2020, WA 1020/2020 എന്നീ ഹർജികൾ പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത 60 ജീവനക്കാരുടെ ശമ്പള പരിഷ്കരണം WP(C)15732/2020, WA 1020/2020 ഹർജികളിന്മേലുള്ള അന്തിമ വിധിക്ക് ശേഷം പരിഗണിക്കുന്നതാണ്.

xx) മേൽ നിബന്ധനകളിൽ മുൻകൂർ സർക്കാർ അനുമതിയില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

xxi) ശമ്പളപരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലൈബ്രറി കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

3. പുതുക്കിയ ശമ്പള സ്കെയിൽ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികകളുടെ പേര് | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| **1.** സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | | | | |
| 1 | അക്കൗണ്ട്സ് ഓഫീസർ | 1 | As in parent department | |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 39500-83000 | 55200-115300 |
| 3 | ഡെവലപ്മെന്റ് ഓഫീസർ | 1 | 39500-83000 | 55200-115300 |
| 4 | സീനിയർ സൂപ്രണ്ട് | 2 | 35700-75600 | 50200-105300 |
| 5 | ജൂനിയർ സൂപ്രണ്ട് | 2 | 30700-65400 | 43400-91200 |
| 6 | എഡിറ്റോറിയൽ അസിസ്റ്റന്റ് ഗ്രേഡ് 1 | 1 | 30700-65400 | 43400-91200 |
| 7 | ഓഫീസ് സൂപ്രണ്ട് | 1 | 27800-59400 | 39300-83000 |
| 8 | ഹെഡ്സ് അക്കൗണ്ടന്റ് | 1 | 26500-56700 | 37400-79000 |
| 9 | എഡിറ്റോറിയൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 | 26500-56700 | 37400-79000 |

| | | | | |
|---|---|---|---|---|
| 10 | ക്ലാർക്ക് | 16 | 18000-41500 | 25100-57900 |
| 11 | ടൈപ്പിസ്റ്റ് | 4 | 18000-41500 | 25100-57900 |
| 12 | പേഴ്സണൽ അസിസ്റ്റന്റ് | 2 | 20000-45800 | 27900-63700 |
| 13 | ഡ്രൈവർ | 2 | 18000-41500 | 25100-57900 |
| 14 | പ്യൂൺ | 6 | 16500-35700 | 23000-50200 |
| 15 | വാച്ചർ | 1 | 16500-35700 | 23000-50200 |
| 16 | സ്വീപ്പർ | 1 | 16500-35700 | 23000-50200 |
| 17 | ബൈന്റർ | 1 | 17500-39500 | 24400-55200 |
| **II. ജില്ലാ ലൈബ്രറി കൗൺസിൽ.** | | | | |
| 1 | ജില്ലാ ലൈബ്രറി ഓഫീസർ | 1 വീതം | 30700-65400 | 43400-91200 |
| 2 | ക്ലാർക്ക് | 1 വീതം | 18000-41500 | 25100-57900 |
| 3 | പ്യൂൺ | 1 വീതം | 16500-35700 | 23000-50200 |
| **III. താലൂക്ക് ലൈബ്രറി കൗൺസിൽ.** | | | | |
| 1 | ക്ലാർക്ക് | 1 വീതം | 18000-41500 | 25100-57900 |

**IV. ലോക്കൽ ലൈബ്രറി അതോറിറ്റിയിലെ സൂപ്പർ ന്യൂമററി തസ്തികകൾ.**

| | | | | |
|---|---|---|---|---|
| 1 | ലൈബ്രേറിയൻ ഗ്രേഡ് IV | 1 | 20000-45800 | 27900-63700 |
| 2 | പാർട്ട് ടൈം സ്വീപ്പർ | 7<br>(As proposed by Library Council) | 8200-13340 | 11500-18940 |
| | | | 9340-14800 | 13000-21080 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (16.02.2022-ലെ വിദ്യാ-ബി2/65/2021-ഫിൻ പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ് (27.04.2022-ലെ ഇനം 691 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

**Signed by Jayakumar B**
**Date: 11-05-2022 13:58:21**
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-04-2022

ഫയൽ നം. എ2/46/2021/ഉ.വി.വ. ഇനം നം: 691

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - 10.02.2021-ലെ സ.ഉ.(പി) നം.27/2021/ധന. പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കും ബാധകമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

28/4
12.05 pm

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

28/4/22

691

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എ 2/46/2021/ഉ.വി.വ. |
| 2. | വകുപ്പ് | : ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്. |
| 3. | വിഷയം | : 10.02.2021 ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കും ബാധകമാക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 06-04-2022 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. സന്തോഷ് കുമാർ എസ്.ആർ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വേണു.വി. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 19-04-2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 23-04-2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 26-04-2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 26/04/2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

10.02.2021-ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കും ബാധകമാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. 10.02.2021-ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കും ബാധകമാക്കുന്നതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ശിപാർശ സമർപ്പിക്കുകയും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ്, ജില്ല, താലൂക്ക് ലൈബ്രറി കൗൺസിലുകളിലെ തസ്തികകളും ശമ്പള സ്കെയിലും രേഖപ്പെടുത്തിയ പ്രൊഫോർമയും അയച്ചു തരികയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത ലൈബ്രറി കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതാണ് എന്നും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3. ഈ വിഷയം സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്:-

"സംസ്ഥാന ലൈബ്രറി കൗൺസിൽ, ജില്ലാ, താലൂക്ക് ലൈബ്രറി കൗൺസിലുകൾ, ലോക്കൽ ലൈബ്രറി അതോറിറ്റി എന്നിവയിലെ വിവിധ തസ്തികകളുടെ ശമ്പള സ്കെയിൽ, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ 10.02.2021 - ലെ സ.ഉ (അച്ചടി) നം.27/2021/ധന നം. ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ നൽകും പ്രകാരം പരിഷ്കരിക്കാവുന്നതാണ്.

1. സംസ്ഥാന ലൈബ്രറി കൗൺസിൽ, ജില്ലാ, താലൂക്ക് ലൈബ്രറി കൗൺസിലുകൾ, ലോക്കൽ ലൈബ്രറി അതോറിറ്റി എന്നിവയിലെ സർക്കാർ അംഗീകൃത തസ്തികകളുടെ ശമ്പള സ്കെയിലുകൾ 10.02.2021 -ലെ സ.ഉ (അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ അനക്സർ- I പ്രകാരം താഴെ പറയും വിധം പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നം. | തസ്തികകളുടെ പേര് | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| **I. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ** | | | | |
| 1 | അക്കൗണ്ട്സ് ഓഫീസർ | 1 | As in parent department | |

| | | | | |
|---|---|---|---|---|
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 39500–83000 | 55200–115300 |
| 3 | ഡെവലപ്മെന്റ് ഓഫീസർ | 1 | 39500–83000 | 55200–115300 |
| 4 | സീനിയർ സൂപ്രണ്ട് | 2 | 35700–75600 | 50200–105300 |
| 5 | ജൂനിയർ സൂപ്രണ്ട് | 2 | 30700–65400 | 43400–91200 |
| 6 | എഡിറ്റോറിയൽ അസിസ്റ്റന്റ് ഗ്രേഡ്-1 | 1 | 30700–65400 | 43400–91200 |
| 7 | ഓഫീസ് സൂപ്രണ്ട് | 1 | 27800–59400 | 39300–83000 |
| 8 | ഹെഡ്സ് അക്കൗണ്ടന്റ് | 1 | 26500–56700 | 37400–79000 |
| 9 | എഡിറ്റോറിയൽ അസിസ്റ്റന്റ് ഗ്രേഡ്-II | 1 | 26500–56700 | 37400–79000 |
| 10 | ക്ലാർക്ക് | 16 | 18000–41500 | 25100–57900 |
| 11 | ടൈപ്പിസ്റ്റ് | 4 | 18000–41500 | 25100–57900 |
| 12 | പേഴ്സണൽ അസിസ്റ്റന്റ് | 2 | 20000–45800 | 27900–63700 |
| 13 | ഡ്രൈവർ | 2 | 18000–41500 | 25100–57900 |
| 14 | പ്യൂൺ | 6 | 16500–35700 | 23000–50200 |
| 15 | വാച്ചർ | 1 | 16500–35700 | 23000–50200 |
| 16 | സ്വീപ്പർ | 1 | 16500–35700 | 23000–50200 |

| | | | | |
|---|---|---|---|---|
| 17 | ബൈന്റർ | 1 | 17500-39500 | 24400-55200 |
| **II. ജില്ലാ ലൈബ്രറി കൗൺസിൽ.** | | | | |
| 1 | ജില്ലാ ലൈബ്രറി ഓഫീസർ | 1 വീതം | 30700-65400 | 43400-91200 |
| 2 | ക്ലാർക്ക് | 1 വീതം | 18000-41500 | 25100-57900 |
| 3 | പ്യൂൺ | 1 വീതം | 16500-35700 | 23000-50200 |
| **III. താലൂക്ക് ലൈബ്രറി കൗൺസിൽ.** | | | | |
| 1 | ക്ലാർക്ക് | 1 വീതം | 18000-41500 | 25100-57900 |
| **IV. ലോക്കൽ ലൈബ്രറി അതോറിറ്റിയിലെ സൂപ്പർ ന്യൂമററി തസ്തികകൾ.** | | | | |
| 1 | ലൈബ്രേറിയൻ ഗ്രേഡ് IV | 1 | 20000-45800 | 27900-63700 |
| 2 | പാർട്ട് ടൈം സ്വീപ്പർ | 7 (As proposed by Library Council) | 8200-13340<br>9340-14800 | 11500-18940<br>13000-21080 |

2. പരിഷ്കരിച്ച ശമ്പള സ്കെയിലിന് 01.07.2019 മുതൽ പ്രാബല്യമുണ്ടായിരിക്കും.

3. 01.07.2019 -ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 -ലെ ക്ഷാമബത്ത 0% ആയിരിക്കുന്നതുമാണ്. 01.01.2020, 01.07.2020 എന്നീ തീയതികളിലെ ക്ഷാമബത്ത 10.02.2021 -ലെ സ.ഉ.(അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ ഖണ്ഡിക 11 പ്രകാരം അനുവദിക്കാവുന്നതാണ്.

4. ശമ്പള നിർണ്ണയം സംബന്ധിച്ച് 10.02.2021 -ലെ സ.ഉ. (അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ അനക്സർ-II -ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

സർവ്വീസ് വെയിറ്റേജിന് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിലെ റെഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ്.

5. കരാർ, ദിവസവേതന അടിസ്ഥാനത്തിൽ ലൈബ്രറി കൗൺസിലിൽ ജോലി ചെയ്യുന്ന ജീവനക്കാരുണ്ടെങ്കിൽ അവർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

6. വീട്ടു വാടക ബത്ത 10.02.2021 - ലെ സ.ഉ.(അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം അനുവദിക്കാവുന്നതാണ്. ആയതിന്റെ പ്രാബല്യത്തീയതി 01.03.2021 ആണ്.

7. സമയബന്ധിത ഹയർ ഗ്രേഡ് 10.02.2021 - ലെ സ.ഉ. (അച്ചടി) നം.27/2021/ധന നം. ഉത്തരവിന്റെ ഖണ്ഡിക 6, അനക്സർ-VI -ലെ 22 ഒഴികെയുള്ള വ്യവസ്ഥകൾ എന്നിവ പ്രകാരം അനുവദിക്കാവുന്നതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡിന്റെ പ്രാബല്യത്തീയതി 01.04.2021 ആണ്.

8. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിന്റെ പ്രാബല്യത്തീയതി 01.03.2021 ആണ്.

9. പൊതുവിദ്യാലയങ്ങളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക/മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിന്റെ പ്രാബല്യത്തീയതി 01.03.2021 ആണ്.

10. മേൽപ്പറഞ്ഞവയല്ലാതെ അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

12. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്തുവാൻ പാടില്ല.

13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിയമനം നടത്തുകയോ ചെയ്യുവാൻ പാടില്ല.

14. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ലൈബ്രറി കൗൺസിലിൽ നടപ്പാക്കുവാൻ പാടില്ല.

15. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനം എടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

16. ലൈബ്രറി കൗൺസിലിലെ നിയമനങ്ങളിൽ നിയമാനുസൃതവും 1991 -ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ടിലെ 126-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുമായ സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ലൈബ്രറി കൗൺസിലിൽ എല്ലാ നിയമനങ്ങളും ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന മാർഗ്ഗങ്ങൾ പാലിച്ച് മാത്രം നടപ്പാക്കേണ്ടതാണ്.

17. State of Karnataka and others Vs Umadevi and others കേസിലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം സ്ഥിരപ്പെടുത്തൽ ഒരു നിയമനരീതിയായി സ്വീകരിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിരനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

18. സൂപ്പർ ന്യൂമററി തസ്തികകളിൽ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാൻ പാടില്ല.

19. 04.08.2020 -ലെ സ.ഉ.(അച്ചടി) നം.103/2020/ധന ഉത്തരവ് പ്രകാരം ലൈബ്രറി കൗൺസിലിൽ GSPARK സംവിധാനം നടപ്പാക്കേണ്ടതാണ്. ഇതിന് വേണ്ട നടപടികൾ ലൈബ്രറി കൗൺസിൽ സെക്രട്ടറി കൈക്കൊള്ളേണ്ടതും സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

20. WP(C)No.25087/2011, WA.1837/2013 എന്നിവയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 13 പേരുടെ സേവനം ക്രമപ്പെടുത്തി നൽകിക്കൊണ്ട് പുറപ്പെടുവിച്ച 18.12.2018 - ലെ സ.ഉ (കൈ) നം.304/2018/ഉ.വി.വ, പിന്നീട് 47 പേരുടെ സേവനം ക്രമപ്പെടുത്തി നൽകിക്കൊണ്ട് പുറപ്പെടുവിച്ച 20.07.2020-ലെ സ.ഉ.(കൈ) നം.263/2020/ഉ.വി.വ എന്നീ ഉത്തരവുകൾ, WP(C)15732/2020, WA 1020/2020 എന്നീ ഹർജികൾ പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത 60 ജീവനക്കാരുടെ ശമ്പള പരിഷ്കരണം WP(C)15732/2020, WA 1020/2020 ഹർജികളിന്മേലുള്ള അന്തിമ വിധിക്ക് ശേഷം പരിഗണിക്കുന്നതാണ്.

21. മേൽ നിബന്ധനകളിൽ മുൻകൂർ സർക്കാർ അനുമതിയില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

22. ശമ്പളപരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലൈബ്രറി കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ശമ്പളപരിഷ്കരണ ശിപാർശ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക സമർപ്പിക്കേണ്ടതാണെന്നും, കരട് ശമ്പളപരിഷ്കരണ ഉത്തരവ് പരിശോധനയ്ക്കായി ധനകാര്യവകുപ്പിലേയ്ക്ക് അയക്കേണ്ടതാണന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4. 10.02.2021-ലെ സ.ഉ.(പി)നം.27/2021/ധന നം. ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കും ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകളോടെ ബാധകമാക്കാമോ എന്ന കാര്യം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## **തീരുമാനിക്കേണ്ട വിഷയം**

11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ അനുസരിച്ച്, 10.02.2021-ലെ സ.ഉ.(പി)നം.27/2021/ധന നം. ഉത്തരവ് പ്രകാരം, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള ജീവനക്കാർക്കും ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി ബാധകമാക്കാമോ?